**File No.FWLD-B1/43/2020-FWLD**

**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം **നം.2377** | **12.03.2020** -ൽ മറുപടിയ്ക്ക്

**കാട്ടു തീ തടയുവാനുള്ള നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ജെ. മാക്സി : | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) വനം വകുപ്പ് മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ കാട്ടു തീ തടയുവാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ ഈയടുത്ത കാലത്ത് ദേശമംഗലത്തിനടുത്ത് കൊറ്റമ്പത്തൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ അക്കേഷ്യത്തോട്ടം, തൃശ്ശൂർ ദേശമംഗലത്ത് കുറുഞ്ഞിമല എന്നിവയുൾപ്പെടെ കാട്ടു തീ പടർന്നത് പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ; | (എ) കാട്ടുതീയെ ഫലപ്രദമായി നേരിടുന്നതിനുള്ള നൈപുണ്യവും, പിരശീലനവും ഫയർ & റെസ്ക്യൂ സർവ്വീസസ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് വനം വകുപ്പ് ജീവനക്കാർക്ക് നൽകി വരുന്നുണ്ട്.<br>ദേശമംഗലത്തിനടുത്ത് കൊറ്റമ്പത്തൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ അക്കേഷ്യത്തോട്ടം, തൃശ്ശൂർ ദേശമംഗലത്തെ കുറുഞ്ഞിമല എന്നിവിടങ്ങളുൾപ്പെടെ കാട്ടുതീ പടർന്ന സംഭവം പരിശോധിച്ചു.<br>തൃശ്ശൂർ ഡിവിഷനിലെ വടക്കാഞ്ചേരി റെയ്ഞ്ചിൽ ദേശമംഗലം കൊറ്റമ്പത്തൂരിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് കമ്പനിയ്ക്ക് പാട്ടത്തിന് നൽകിയ അക്കേഷ്യ തോട്ടത്തിലാണ് കാട്ടുതീ ഉണ്ടായത്. യഥാസമയം അടിക്കാട് വെട്ടിത്തെളിച്ച് ഫയർലൈൻ സ്ഥാപിക്കേണ്ട പ്രവൃത്തി കമ്പനി യഥാസമയം ചെയ്യാതിരുന്നതിനാലാണ് കാട്ടുതീ ഉണ്ടാകാനിടയായത്. |
| (ബി) ഇതുമൂലമുണ്ടായ ജീവഹാനിയുൾപ്പെടെയുള്ള നാശനഷ്ടങ്ങൾ, വന ജീവികളുടെ ഉന്മൂലനം തുടങ്ങിയവ സംബന്ധിച്ച് വനം വകുപ്പ പരിശോധനയിൽ ബോധ്യപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) കാട്ടുതീയിൽപ്പെട്ട് മൂന്ന് വനപാലകർ മരിച്ച സംഭവത്തിൽ തൃശ്ശൂർ ഡിവിഷനിലെ വടക്കാഞ്ചേരി റെയ്ഞ്ചിൽ പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷനിൽ ഒ.ആർ-4/2020 നമ്പർ ആയി കേസ് രജിസ്റ്റർ ചെയ്ത് വടക്കാഞ്ചേരി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ അന്വേഷണം നടത്തിവരുന്നുണ്ട്. ടി കേസിന്റെ മേൽ നോട്ടം വഹിക്കുന്നത് തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് |

ഓഫീസറാണ്. കേസന്വേഷണം പൂർത്തിയാക്കി യതിനുശേഷം മാത്രമേ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

(സി) കഴിഞ്ഞ വേനലിൽ സംസ്ഥാനത്ത് കാട്ടുതീയുണ്ടായ വനഭൂമിയുടെ വിസ്തൃതി, സംഭവിച്ച നാശനഷ്ടങ്ങൾ, തീ നിയന്ത്രണ വിധേയമാക്കാനായി ചെലവാക്കിയ തുക, ലഭ്യമായ കേന്ദ്ര സഹായം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(സി) കഴിഞ്ഞ വേനലിൽ സംസ്ഥാനത്ത് കാട്ടുതീയുണ്ടായ വനഭൂമിയുടെ വിസ്തൃതി, സംഭവിച്ച നാശനഷ്ടങ്ങൾ, തീ നിയന്ത്രണ വിധേയമാക്കാനായി ചെലവാക്കിയ തുക, ലഭ്യമായ കേന്ദ്ര സഹായം എന്നിവ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

കാട്ടുതീമൂലം സംസ്ഥാനത്ത് 1789.94 ഹെക്ടർ സ്ഥലത്ത് അടിക്കാടുകൾ നഷ്ടപ്പെട്ടു (ഡിസംബർ 2018 മുതൽ മെയ് 2019 വരെ). എന്നാൽ വനം നഷ്ടപ്പെട്ടിട്ടില്ല.

കാട്ടുതീമൂലം 1,45,300/- രൂപ നഷ്ടമുണ്ടായതായി സർക്കാർ കണക്കാക്കിയിട്ടുണ്ട്.

കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഫോറസ്റ്റ് ഫയർ പ്രിവൻഷൻ & മാനേജ്മെന്റ് സ്കീമിൽ (എഫ്.പി.എം.എസ്) കേന്ദ്രധനസഹായ മായി ലഭ്യമായ 293.72 ലക്ഷം രൂപയിൽ, 247.88 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ